ശ്രീ. സി.എം. സുന്ദരം: എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്താൻ വേണ്ടി ആവശ്യമായ പ്രവർത്തനങ്ങളും ജാഗ്രതയോടുകൂടി നടത്തുവാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വീണ്ടും നിർദ്ദേശങ്ങൾ നൽകുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

* 53 [94] ശ്രീ. കെ.ഇ. ഇസ്മയിൽ:
,, കെ.പി. പ്രഭാകരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജൂലായ് 31 വരെ സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ വകയിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക സംഖ്യയെത്ര;

(ബി) ഈ കുടിശ്ശിക എന്നു കൊടുത്തു തീർക്കുമെന്നു വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1985 ജൂലൈ മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിട്ടില്ല. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളടങ്ങുന്ന ഗഡു കൊടുത്തുതുടങ്ങുന്നത് ഒക്ടോബർ മാസത്തിലാണ്. 1985 ജൂൺമാസം 30 വരെയുള്ള പെൻഷനാണ് ഇപ്പോൾ നൽകിവരുന്നത്. 1985 ജൂൺ 30 വരെയുള്ള പെൻഷൻ കുടിശ്ശിക സഹിതം എല്ലാ അർഹതപ്പെട്ട കർഷകത്തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനുവേണ്ടി 11,82,42,800 രൂപ ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിക്കഴിഞ്ഞു. ആയത് വിതരണം ചെയ്തുവരുന്നു.

(ബി) കുടിശ്ശിക കഴിയുന്നതും വേഗം കൊടുത്തുതീർക്കുന്നതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ: ജൂൺമാസം വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ വകയിൽ കൊടുക്കേണ്ട തുകയായ 11 കോടി 85 ലക്ഷം രൂപ ലേബർ ഓഫീസർ മുഖേന വിതരണം ചെയ്തുവരുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കും എന്ന് പ്രതീക്ഷിച്ചിരുന്ന ആർക്കും തന്നെ നാളിതുവരെ ആ സംഖ്യ കിട്ടിയിട്ടില്ല. എത്ര കാലാവധിക്കകത്ത് ആ തുക അവരുടെ കയ്യിൽ കിട്ടും എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഉദ്ദേശം രണ്ടാഴ്ചയ്ക്കകം കൊടുത്തുതീർക്കാൻ കഴിയും.

ശ്രീ. കെ.ഇ. ഇസ്മയിൽ: ഇപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ഓരോ വർഷവും 60 വയസ്സ് പൂർത്തിയാകുന്ന കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്ന സമ്പ്രദായമാണ്. അതിനനുസരിച്ച് അപേക്ഷ സ്വീകരിക്കുന്നുണ്ട്. ഇപ്പോഴത്തെ വരുമാനപരിധി ഉയർന്നതാണ്. അതു കുറയ്ക്കണം എന്നൊരു ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ വരുമാനപരിധി കുറച്ച് ഓരോ വർഷവും 60 വയസ്സ് പൂർത്തിയാകുന്

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ അപേക്ഷ സ്വീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ആളുകൾക്കും പെൻഷൻ കൊടുക്കാനാവശ്യമായ നടപടികൾ തുടരുന്നുണ്ടോ? ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഇപ്പോഴത്തെ നിയമം അനുസരിച്ച് അർഹതയുള്ള എല്ലാവർക്കും പെൻഷൻ കൊടുക്കുന്നുണ്ട്. വരുമാനപരിധി കുറയ്ക്കുന്നതിനെപ്പറ്റി ഇതുവരെ കാര്യമായ ആലോചന ഉണ്ടായിട്ടില്ല.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ചോദ്യം 'എ'യ്ക്ക് പറഞ്ഞ ഉത്തരം വ്യക്തമല്ല. 1985 ജൂലൈ 31-ാം തീയതി വരെ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എന്നു പറഞ്ഞാൽ ഇപ്പോൾ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് ജൂൺ 30-ാംതീയതിയാണ് ലാസ്റ്റ് ഇൻസ്റ്റാൾമെന്റിന്റെ അവധി. ആ അവധിവരെ എത്ര സംഖ്യ കൊടുത്തിട്ടുണ്ടെന്നാണ് ചോദ്യം. അതിനു വ്യക്തമായ മറുപടി പറഞ്ഞില്ല. 11 കോടി കൊടുക്കാൻ അലോട്ട്മെന്റ് ഉണ്ടെന്നേ പറഞ്ഞിട്ടുള്ളൂ. ഈ തീയതിവരെ കൊടുക്കാനുള്ള കുടിശ്ശിക എത്രയാണ്? അത് വ്യക്തമാക്കാമോ? അതിനാണ് നോട്ടീസ് നൽകിയിരുന്നത്.

ശ്രീ. കെ. ശിവദാസൻ: 1983-84-ലെ ബഡ്ജറ്റിൽ മുഴുവൻ ആളുകൾക്കും കൊടുക്കാനുള്ള പണം ലഭ്യമായിരുന്നില്ല. ഇപ്പോൾ ബഡ്ജറ്റ് പാസ്സാക്കിയപ്പോൾ അപ്രോപ്രിയേഷന്റെ മൂന്നിലൊന്നു കൊടുക്കാനേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. അത് അന്നുതന്നെ ലഭ്യമാക്കിയിരുന്നു. അതായത് 5-ാം തീയതി തന്നെ തുക അനുവദിച്ചു. (ബഹളം) ഞാൻ അത് വായിച്ചു കേൾപ്പിക്കാം. ജൂൺ 1984 വരെ പെൻഷന് അർഹതപ്പെട്ട എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. സെപ്റ്റംബർ 1984 വരെ ഒരു ലക്ഷത്തി ഇരുപത്തീരായിരത്തി ഒരുനൂറ്റി ഇരുപത്തിയൊന്നു പേർക്ക് കൊടുത്തിട്ടുണ്ട്. ഡിസംബർ 1984 വരെ ഒരു ലക്ഷത്തി അമ്പത്തോരായിരത്തി ഇരുന്നൂറ്റി യെഴുപത്തിമൂന്ന് പേർക്കും, മാർച്ച് 1985 വരെ ആറായിരത്തി നാന്നൂറ്റി എൺപത്തൊമ്പതുപേർക്കും ജൂൺ 1985 വരെ 6555 പേർക്കും പെൻഷൻ നൽകിക്കഴിഞ്ഞു. ഇനി ബാക്കികുടിശ്ശിക എല്ലാംകൂടി നൽകാനാണ് ഈ 11 കോടി ഇപ്പോൾ ബഡ്ജറ്റിൽ പാസ്സാക്കി ലഭ്യമാക്കിയിട്ടുള്ളത്. (ബഹളം)

മി. സ്പീക്കർ: ഇതിനകത്ത് ചോദ്യം 'എ' യിൽ ചോദിച്ചിരിക്കുന്നത് ജൂലൈ 31-ാം തീയതിവരെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനുള്ള കുടിശ്ശിക എത്രയെന്നാണ്.

ശ്രീ. കെ. ശിവദാസൻ: സർ, ജൂലൈ 31-ാം തീയതി വരെയുള്ള കുടിശ്ശിക ഇപ്പോഴില്ല. ചോദ്യത്തിന് അങ്ങനെ ഉത്തരം പറയാതെ ലഭ്യമായ കണക്കുകൾ എല്ലാം കൂടിയാണ് ഞാൻ പറഞ്ഞത്. 1984 ജൂലൈ മാസം വരെ പെൻഷൻ കുടിശ്ശിക ഉണ്ടായിട്ടില്ല. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ കൊടുത്തുതീർക്കേണ്ടത് ഒക്ടോബർ മാസത്തിലാണ്. അതുകൊണ്ടാണ് കുടിശ്ശിക ഇല്ലായെന്ന് ഉത്തരം പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് ഞാൻ അതിന്റെ ഡീറ്റെയിൽസ് പറഞ്ഞതാണ്. ആ ചോദ്യം അനുസരിച്ച് പറയുമ്പോൾ കുടിശ്ശിക ഇല്ല. (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഈ ചോദ്യത്തിന് കുടിശ്ശിക ഉണ്ടെങ്കിൽ ഉണ്ടെന്നോ പറയണം. ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം. അല്ലാതെ അങ്ങയുടെ മനോധർമ്മം പോലെ മറുപടി പറയാനുള്ളതാണോ നിയമസഭ?

ശ്രീ. കെ. ശിവദാസൻ: സർ, അല്ല. ഞാൻ അങ്ങനെയല്ല പറഞ്ഞത്. കുടിശ്ശിക ഇല്ല. 1985 ജൂൺമാസം 30 വരെയുള്ള കുടിശ്ശികയുടെ മുഴുവൻ ലിസ്റ്റും ഞാൻ വായിച്ചുകേൾപ്പിക്കാം.

(ബഹളം)

മി. സ്പീക്കർ: കുടിശ്ശിക സംഖ്യ എത്ര?

ശ്രീ. കെ. ശിവദാസൻ: സർ, ചോദ്യം ചോദിച്ചിരിക്കുന്ന കാലയളവിൽ കുടിശ്ശിക ഇല്ല.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഞാൻ ചോദിച്ചത് 1985 ജൂലൈ 31-ാം തീയതി വരെ കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ എത്ര സംഖ്യ കുടിശ്ശിക കൊടുത്തുതീർക്കാൻ ഉണ്ടെന്നാണ്.

മി. സ്പീക്കർ: കുടിശ്ശിക ഇല്ലെന്നാണ് മന്ത്രി പറഞ്ഞത്. (ബഹളം) സഭയ്ക്ക് തെറ്റായ വിവരങ്ങൾ നൽകിയാൽ അതിന് വേറെ മാർഗ്ഗങ്ങൾ ഉണ്ടല്ലോ.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, 1985-86 വർഷത്തിലെ കുടിശ്ശിക അടക്കം ഈ കൊല്ലം പൂർണ്ണമായിട്ട് പെൻഷൻ കൊടുത്തു തീർക്കാൻ എത്ര സംഖ്യ വേണ്ടിവരും; അതിന് ബഡ്ജറ്റിൽ എത്ര തുകയാണ് പ്രൊവൈഡ് ചെയ്തിരിക്കുന്നത്?

ശ്രീ. കെ. ശിവദാസൻ: സർ, ഇപ്പോഴത്തെ ഈ കുടിശ്ശിക കൊടുത്തു തീർത്താൽ പിന്നെ ഈ വർഷം കൊടുക്കാൻ വേണ്ടിവരുന്ന തുകയ്ക്ക് ബഡ്ജറ്റിൽ പ്രൊവിഷനില്ല. വളരെ കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കഴിഞ്ഞ കൊല്ലം ഇതുവരെയുള്ള കണക്കാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. (ബഹളം) കുടിശ്ശിക ഇല്ലാത്ത കാലഘട്ടത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. ജൂലൈ 31 വരെയാകുമ്പോൾ കുടിശ്ശിക കാണില്ല. കാരണം അതിന്റെ പണമാണ് ലഭ്യമായിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ സമരം വന്നതുകൊണ്ടാണ് അതു വിതരണം ചെയ്യാൻ തടസ്സം നേരിട്ടത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റ് പാസ്സാക്കിയ ഉടനെ 5-ാം തീയതിക്കകം പണം ലഭ്യമാക്കിയതാണ്. അതിനുശേഷം ഓണം ഹോളിഡേ ആയിരുന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം പണം കൊടുത്തു കഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിന്റെ അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ ഇനി ഫ്രഷായിട്ട് പണം അലോട്ട് ചെയ്താൽ മാത്രമേ പണം കൊടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഇപ്പോൾ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഒരു വർഷം അവർക്ക് പെൻഷൻ കൊടുക്കാൻ എത്ര സംഖ്യ വേണം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: സർ, രണ്ടു ലക്ഷത്തിഎഴുപത്തയ്യായിരത്തി പന്ത്രണ്ട് പേർക്കാണ് ഇപ്പോൾ പെൻഷൻ സാംഗ്ഷനായിട്ടുള്ളത്, ഒരാളിന് 45 രൂപ വച്ച് കണക്ക് നോക്കിയാലേ കൃത്യമായ കണക്ക് പറയാൻ കഴിയുകയുള്ളൂ.

മി. സ്പീക്കർ: ചോദ്യത്തിന് തയ്യാറായി വരുമ്പോൾ കുറച്ച് കണക്കുകൂടി നോക്കണം. സപ്ലിമെന്ററി എന്ന് പറഞ്ഞാൽ You must be prepared for all probable supplementaries.

ശ്രീ. കെ. ശിവദാസൻ: കണക്ക് ഇപ്പോൾ കൂട്ടിനോക്കിയിട്ടില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇപ്പോൾ 2,75,012 പേർക്കാണ് പെൻഷന് അർഹതയുള്ളതായി തീരുമാനിച്ചിട്ടുള്ളതെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് എത്രപേർ കർഷകത്തൊഴിലാളി പെൻഷനു അപേക്ഷിച്ചിരുന്നു? അതിൽ എത്ര കേസുകളിൽ ഇനി തീരുമാനം എടുക്കാൻ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: 6,21,083 അപേക്ഷകളാണ് കിട്ടിയിട്ടുള്ളത്. അതിൽ വില്ലേജാഫീസർമാരുടെ പരിശോധന കഴിഞ്ഞിട്ട് ഡെപ്യൂട്ടി ലേബർ ആഫീസർമാർക്ക് 5,44,227 അപേക്ഷകൾ ലഭിച്ചിരുന്നു. അതിലാണ് ഞാൻ സാങ്ഷൻ ചെയ്ത അപേക്ഷകളുടെ കാര്യം പറഞ്ഞത്. 2,75,012. അതിൽ മണിയോർഡർ ആയിട്ട് അയച്ചിട്ടുള്ളത് 2,55,350 പേർക്കാണ്. പ്രോസസ്സിങ്ങിന്റെ പല സ്റ്റേജുകളിലും അതിന് അപ്പീലുണ്ട്. ആർ.ഡി.ഒ. വരെയുള്ള അപ്പീലുകൾ ഉണ്ട്. അതിൽ 2,69,215 അപേക്ഷകൾ അങ്ങനെ കിടപ്പുണ്ട്. ഹിയറിങ്ങിനായിട്ട് 28,466 എണ്ണത്തിന് ലേബർ ആഫീസർമാർ നോട്ടീസ് കൊടുത്തിട്ടുണ്ട്. അത് ഇപ്പോൾ വിചാരണയുടെ വേരിയസ് സ്റ്റേജുകളിൽ ഇരിക്കുകയാണ്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: ഈ വിവിധ നിലവാരത്തിൽ പരിശോധനയിൽ ഇരിക്കുന്ന കേസുകളിൽ ഈ വർഷം എത്ര കേസുകളിൽ തീരുമാനം ഉണ്ടാക്കാൻ കഴിയുമെന്നും അങ്ങനെ തീരുമാനം ഉണ്ടാക്കാൻ കഴിയുന്ന കേസുകൾ ഉൾപ്പെടെ ഈ വർഷം പെൻഷൻ വകയിൽ എത്ര തുക വേണ്ടിവരുമെന്നും ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: സാധാരണ വില്ലേജാഫീസർമാരാണ് പ്രാഥമികമായ പരിശോധന നടത്തുന്നത്. അതിന്റെ മുകളിലുള്ള അപ്പീൽ നടപടികളാണ് ബാക്കിയെല്ലാം. കൊടുക്കുന്ന കേസുകളിൽ മൂന്നു നാലു ശതമാനത്തിൽ കവിഞ്ഞ് യോഗ്യതയുള്ളവരായി ഇതുവരെയുള്ള അനുഭവത്തിൽ കണ്ടിട്ടില്ല. ഇത്രയും കൂടുതൽ നമ്പരുള്ളതുകൊണ്ട് ഒരു കാലാവധി പറയാൻ ബുദ്ധിമുട്ടുണ്ട്. അപ്പീലൊക്കെ എപ്പോൾ ഡിസ്പോസ് ചെയ്യും എന്ന് പറയുന്നതിന് ബുദ്ധിമുട്ടുണ്ട്. ഏതായാലും എത്രയും വേഗം നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: ആ ചോദ്യത്തിൽനിന്ന്, അതുംപ്പെടെ ഈ വർഷം കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനു വേണ്ടി എന്ത് തുക വേണ്ടി വരുമെന്ന് ഈ വകുപ്പും ഗവൺമെന്റും കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇവർക്കെല്ലാം പെൻഷൻ കൊടുക്കുന്നതിന് എല്ലാവർഷവും 15/16 കോടി രൂപ വേണ്ടി വരും. ബഡ്ജറ്റിൽ അതിനുള്ള അലോട്ട്മെന്റ് കുറയുന്നതിനനുസരിച്ചാണ് കുടിശ്ശിക വരുന്നത്. ഇനിയൊരു 8 കോടിയോളം രൂപയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പ്രശ്നം പരിഹരിക്കുകയുള്ളൂവെന്നാണ്.

ശ്രീ. പി. കുമാരൻ: എത്ര തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിനുവേണ്ടി അവരുടെ എത്ര അപേക്ഷകൾ പാസ്സായിട്ടുണ്ട്?

മി. സ്പീക്കർ: ഈ ചോദ്യത്തിന് നേരത്തെ ഉത്തരം പറഞ്ഞു കഴിഞ്ഞതാണ്.

ശ്രീ. പി. കുമാരൻ: പാലക്കാട് ജില്ലയിൽനിന്ന് എത്ര അപേക്ഷകൾ ഉണ്ടായിരുന്നു?

ശ്രീ. കെ. ശിവദാസൻ: പാലക്കാട് ജില്ലയിൽനിന്ന് ആകെ 60,063 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

ശ്രീ. എസ്.ആർ. തങ്കരാജ്: വിവിധ സ്റ്റേജുകളിലെ അപേക്ഷകളെപ്പറ്റി മന്ത്രി സൂചിപ്പിച്ചു. വില്ലേജാഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഒരു സമയബന്ധിത പരിപാടി അനുസരിച്ച് പൂർത്തിയാക്കുന്നതിനേയും ഇത്ര കാലത്തിനുള്ളിൽ അർഹതയുള്ളവർക്ക് പെൻഷൻ കൊടുക്കുന്നതിനേയും സംബന്ധിച്ച് ഒരു തീയതി പറയാൻ മന്ത്രിക്ക് ദയവുണ്ടാകുമോ?

ശ്രീ. കെ. ശിവദാസൻ: ഞാൻ വായിച്ചതിൽനിന്നും വളരെയധികം കിടപ്പില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമായിട്ടുണ്ടാകും. അതായത് ഒരു ലക്ഷത്തിൽ കുറവാണ്. എല്ലാദിവസവും കുറേപ്പേർക്ക് 60 വയസ്സ് കഴിയും. അതുകൊണ്ട് പൂർണ്ണമായിട്ടും പരിഹരിക്കാൻ കഴിയുകയില്ല. വലിയ ഡിലേ ഉണ്ടാവുകയില്ല. എത്രയും വേഗം തീർപ്പു കൽപ്പിക്കാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: കർഷക തൊഴിലാളി പെൻഷൻ സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതിനാണ് മുൻ ഗവൺമെന്റ് തീരുമാനിച്ചത്. സഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന അവസരത്തിൽ ഗവൺമെന്റിൽ കാശില്ലെങ്കിലും ചില സഹകരണ ബാങ്കുകളും സർവ്വീസ് ബാങ്കുകളും കാശുകൊടുത്തിട്ട് ഗവൺമെന്റിൽ നിന്നും റീ ഇംപേഴ്സ്മെന്റാണ് നടത്തിയിരുന്നത്. ഇത് സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത് മാറ്റുന്നതിനുള്ള സാഹചര്യമെന്തായിരുന്നു? അതുകൊണ്ട് ഗവൺമെന്റിന് എന്തെല്ലാം സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്? ആ കാര്യത്തിൽ ഗവൺമെന്റിനെ പ്രേരിപ്പിച്ച ഘടകമെന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: കർഷകത്തൊഴിലാളികൾക്ക് ഒരു വി.ഐ.പി. ട്രീറ്റ്മെന്റിന് അർഹതയുണ്ടെന്നാണ് ഗവൺമെന്റ് ഒരു പോളിസി എന്ന നിലയിൽ തീരുമാനിച്ചിരുന്നത്. അവരുടെ വീട്ടിൽ ത്തന്നെ അവർക്ക് മണിയോർഡർ ആയി കിട്ടത്തക്ക നിലയിൽ കൊടുക്കണം എന്നുള്ള ഒരു പോളിസി ഡിസിഷൻ ആണ് ഗവൺമെന്റ് എടുത്തിരു ന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ആ തീരുമാനം എടുത്തത്. മണിയോർഡർ കമ്മീഷൻ ഏതാണ്ട് 10/30 ലക്ഷത്തിൽ കൂടുതൽ രൂപ വരും.

ശ്രീ. കെ. പങ്കജാക്ഷൻ: 2,75,012 പേർക്ക് ഇത് നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. എന്നിട്ട് ആ മന്ത്രിതന്നെ പറയുന്നു 6,000 പേർക്കേ കൊടുത്തിട്ടുള്ളൂവെന്ന്. എന്നിട്ട് അദ്ദേഹം പറഞ്ഞു ജൂലൈ 31 വരെ കുടിശ്ശികയില്ലായെന്ന്. ഈ രണ്ട് തവണകളും കൊടുക്കാതിരുന്ന തിന് കാരണം സർക്കാർ ജീവനക്കാരുടെ പണിമുടക്കാണെന്ന് പറഞ്ഞു. മൂന്നാം മാസത്തിൽ ഏത് സർക്കാർ ജീവനക്കാർ ആണ് പണിമുടക്കിയത്; 1985 ആറാംമാസത്തിൽ ഏത് ജീവനക്കാർ ആണ് പണിമുടക്കിയത്? ഇത്ര സത്യവിരുദ്ധമായി ഒരു മന്ത്രിക്ക് സഭയിൽ പരാമർശം നടത്താൻ കഴിയുമോ? ഇതിൽ ഏതാണ് ശരി? ജൂലൈ 31 വരെ കുടിശ്ശിക യില്ലായെന്ന് പറഞ്ഞു. ഇതിനെക്കുറിച്ച് മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഉത്തരത്തിന്റെ ഒരു ഭാഗമാണ് ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞത്. 1984.85 വർഷത്തിൽ പെൻഷൻ കൊടുത്തു തീർക്കുന്നതിന് ആവശ്യമായ ഫണ്ട് ആ വർഷത്തിൽ ലഭ്യമായിരുന്നില്ല. അതുകൊണ്ടാണ് അതങ്ങനെ കിടന്നത്. ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അപ്രോപ്രിയേഷനുകളുടെ ഭാഗം മാത്രമേ ചെല വാക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതിനുശേഷം മുഴുവൻ പാസ്സാക്കിയ പ്പോൾ ഇതുമുഴുവൻ കൊടുക്കാനായിട്ട് 5-ാം തീയതി തന്നെ ഗവൺമെന്റ് ഏർപ്പാട് ചെയ്തു. പക്ഷേ അപ്പോഴേക്കും പണിമുടക്കുണ്ടായി. അതു കൊണ്ടാണ് കൊടുത്തുതീർക്കാൻ കഴിയാത്തത് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, പെൻഷൻ വരുമാനപരിധി നിശ്ചയിക്കുന്നത് വില്ലേജാഫീസർമാരാണല്ലോ. പലർക്കും വരുമാന സർട്ടിഫിക്കറ്റു കൊടുക്കുന്നതിൽ അപാകതകൾ വരുന്നുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ലേബറാഫീസർ, ആർ.ഡി.ഒ. എന്നീ ഓഫീസർമാർ വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് ഫോളോ ചെയ്യുന്ന മാർഗ്ഗമേ ഇപ്പോളിവിടെയുള്ളൂ. അർഹ രായവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തി പരിശോധിക്കാൻ ഗവൺമെന്റ് നടപടി സ്വീക രിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഈ ആക്ടിന്റെ കോണ്ടംപ്ലേഷൻ അനു സരിച്ച് വില്ലേജാഫീസർമാരുടെ റിപ്പോർട്ട് ഒരു സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് മാത്രമാണ്. അത് ഡെപ്യൂട്ടി ലേബർ ഓഫീസർമാർക്ക് കിട്ടുമ്പോൾ അവർക്ക് അർഹതയില്ലായെന്നു പറയുന്ന കേസുകളിൽ ഷോക്കോസ് നോട്ടീസ് കൊടുക്കും. നിങ്ങൾക്ക് അർഹതയില്ലായെ ന്നുള്ള രീതിയിലാണ് റിപ്പോർട്ട് വന്നിരിക്കുന്നത്; അതിനെതി രായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയണം—അങ്ങനെ he is given an opportunity. തെളിവുകൾ പരിശോധിച്ചതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി ലേബർ ഓഫീസർ പരിശോധന നടത്തുന്നു. ആ സമയത്ത് എന്ത് തെളിവു വേണമെങ്കിലും ഹാജരാക്കാം. അതിനുശേഷമാണ് ആർ.ഡി.ഒ. ക്ക് അപ്പീൽ കൊടുക്കുന്നത്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ 1985.86 ലേക്ക് അലോട്ട്മെന്റ് വന്നു. കുടിശ്ശിക യില്ലായെന്നു പറഞ്ഞു. അതുപോലെതന്നെ മറെറാരു മറുപടിയിൽ 1984 പന്ത്രണ്ടാം മാസത്തിൽ ഒരുലക്ഷത്തി എഴുപത്തയ്യായിരം ആളുകൾക്കും 1985 മാർച്ച് മാസത്തിൽ ആറായിരം പേർക്കും 1983-84 ൽ രണ്ടുലക്ഷത്തി എഴുപത്തയ്യായിരം പേർക്കും പെൻഷൻ കൊടുക്കുന്നതിന് അർഹതയു ണ്ടെന്ന് തീരുമാനിച്ചതായി പറഞ്ഞു. അതിനുശേഷം ഇൻസ്റ്റാൾമെന്റ് ബേസിസ്സിലാണോ അതോ ടോട്ടലായിട്ടാണോ കൊടുക്കുന്നത്? ആ കാല ത്തേയ്ക്ക് ഉള്ള തുക എന്നാണ് ഇനി കൊടുക്കുന്നത്? അത് കുടിശ്ശിക യല്ലേ?

ശ്രീ. കെ. ശിവദാസൻ: പറഞ്ഞ നമ്പർ കഴിച്ച് ബാക്കിയെല്ലാം കുടിശ്ശികയാണ്. അത് വന്നതെന്തുകൊണ്ടെന്നാണ് ഞാൻ പറഞ്ഞത്. ബാക്കിയെല്ലാം അതാത് ഇൻസ്റ്റാൾമെൻറിന്റെ കുടിശ്ശികയാണ്. ഈ കുടിശ്ശിക ബഡ്ജറ്റ് പാസ്സായി അഞ്ചാം തീയതിതന്നെ കൊടുക്കു ന്നതിന് വേണ്ടി എല്ലാ ഡിസ്ട്രിക്ട് ലേബർ ഓഫീസുകളിലും ലഭ്യ മാക്കി. ഇത് വിതരണം ചെയ്തു കഴിയുമ്പോൾ അന്നുവരെയുള്ള എല്ലാ കുടിശ്ശികയും തീരും. 1985 ജൂൺ മാസം വരെയുള്ള കുടിശ്ശിക മുഴുവനും തീർക്കുന്നതിനുള്ള തുക ഓഫീസർമാരുടെ കൈയി ലിരിക്കുകയാണ്. അതാണ് ഞാൻ പറഞ്ഞത്, ഒരു ചെറിയ സമരം മൂലം ആണ് ആ തുക അവർക്ക് വിതരണം ചെയ്യാൻ കഴിയാത്ത തെന്ന്. ഇപ്പോഴും വിതരണം ചെയ്തു കൊണ്ടിരിക്കുകയാണ്. അതിനു ശേഷമുള്ള അപേക്ഷകളെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞു, കൊടുത്തു തീർക്കാൻ കഴിയില്ല, അത് കുടിശ്ശിക വരുമെന്ന്. സ്പെഷ്യലായിട്ട് വീണ്ടും അലോട്ടു ചെയ്യേണ്ടിവരും. ഞാൻ പറഞ്ഞ ഫിഗറല്ലാത്തതെല്ലാം കുടിശ്ശികയാണ്. ഒന്നോ രണ്ടോ ആഴ്ചയ്ക്കു ള്ളിൽ തീരും. ഇനിയങ്ങോട്ടുള്ള അപേക്ഷയെക്കുറിച്ച്, അവർക്ക് കൊടുക്കാൻ പണം കാണില്ല.

ശ്രീ. വി. വി. ജോസഫ്: ഈ പെൻഷൻ മണിഓർഡർ വഴി കൊടു ക്കുമ്പോൾ ഓരോ കർഷകത്തൊഴിലാളിയ്ക്കും പെൻഷൻ നൽകുന്നതി നുള്ള മണി ഓർഡർ ചെലവുകൾ ഗവൺമെന്റിന് ഒരു വലിയ സാമ്പ ത്തിക ബാദ്ധ്യതയാണ്. കൂടാതെ ഓരോ പെൻഷനും ലേബർഓഫീസു കളിൽ നിന്നും മണിഓർഡർ ഫോം എഴുതുന്നതിനുള്ള താമസവും അതുപോലെതന്നെ അയച്ചാൽ പോസ്റ്റൽ ഡിലേ മൂലം ഉണ്ടാകുന്ന താമസവും സാമ്പത്തിക ബുദ്ധിമുട്ടും മറ്റ് താമസവും പരിഗണിച്ചു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വില്ലേജാഫീസുകൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സാധിക്കുമോ?

ശ്രീ. കെ. ശിവദാസൻ: പരിഗണിക്കാവുന്ന ചില കാര്യങ്ങൾ ഇതി ലുണ്ടെങ്കിലും ഓരോരുത്തരുടേയും ഐഡൻറിറ്റി ബോദ്ധ്യപ്പെട്ടു വരുന്നതിന് വളരെ സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടാകും. അതുകൊ ണ്ടാണ് അങ്ങനെ വിതരണം ചെയ്യാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, വി.ഐ.പി. ട്രീറ്റുമെന്റിനുവേണ്ടിയാണ് സഹകരണസംഘങ്ങളിൽനിന്ന് എടുത്തുമാറ്റിയതെന്നു പറഞ്ഞു. വി.ഐ.പി. ട്രീറ്റുമെന്റിന് സംവിധാനം ഉണ്ടാക്കുന്നതിന്റെ ഫലമായി ഡിസ്ട്രിക്ട് ലേബർ ഓഫീസുകളിൽ രണ്ടു ക്ലാർക്കുമാരെ വീതം നിയമിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഏഴു മാസങ്ങളായി പാവപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്കുമാർ അന്യ നാടുകളിൽ പോയി ജോലിചെയ്യുകയാണ്. ഏഴെട്ടു മാസങ്ങളായി അവർക്ക് ശമ്പളം കൊടുത്തിട്ടില്ല. ഏഴു മാസക്കാലമായി പണി ചെയ്തുകൊണ്ടിരിക്കുന്ന ക്ലാർക്കുമാർക്ക് ശമ്പളം കൊടുക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെയൊരു പ്രശ്നം ഉള്ളതായിട്ട് എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. സി.കെ. തങ്കപ്പൻ: ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടുന്ന കൊല്ലം ജില്ലയിൽ കർഷകത്തൊഴിലാളി പെൻഷനുവേണ്ടി ആകെ എത്ര അപേക്ഷകളാണ് കിട്ടിയിട്ടുള്ളത്? അതിൽ എത്രയെണ്ണത്തിൽ അന്വേഷണത്തിനു വിധേയമായി പെൻഷൻ അനുവദിച്ചിട്ടുണ്ട്, എത്രയെണ്ണത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട് എന്നു പറയാമോ?

ശ്രീ. കെ. ശിവദാസൻ: കൊല്ലം ജില്ലയിൽ 57,083 അപേക്ഷകളാണ് കിട്ടിയിട്ടുള്ളത്. അതിൽ 41,258 അപേക്ഷകൾ വില്ലേജ് ആഫീസർമാർ അയച്ചുതന്നിട്ടുണ്ട്. 13,281 അപേക്ഷകൾ സാങ്ഷൻ ചെയ്തിട്ടുണ്ട്. 16,389 എണ്ണം മണി ഓർഡറായി അയച്ചുകൊടുത്തിട്ടുണ്ട്. 22,973 എണ്ണം different stages of processing-ൽ ആണ്. 19,361 എണ്ണം നോട്ടീസ് കൊടുത്ത് process stage-ൽ ആണ്.

ശ്രീ. വി.ജെ. തങ്കപ്പൻ: അർഹതയുള്ള കർഷകത്തൊഴിലാളികൾക്കു പെൻഷൻ ലഭ്യമാക്കുന്നതിന് ഏഴെട്ടുകോടി രൂപ വേണ്ടിവരുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ആ ഉത്തരം ശരിയാണെങ്കിൽ 1985 ജൂലൈ 31 വരെ സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ വകയിൽ കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക എത്രയെന്ന ചോദ്യത്തിന് കുടിശ്ശിക കൊടുക്കാനില്ലെന്നും പറഞ്ഞു. ഇതിന്റെ വെളിച്ചത്തിൽ വീണ്ടും (എ) ചോദ്യത്തിന് മന്ത്രി നേരത്തെ തന്ന ഉത്തരത്തിൽ ഉറച്ചു നിൽക്കുകയാണോ?

ശ്രീ. കെ. ശിവദാസൻ: ഞാൻ പറഞ്ഞത് ശരിയാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള 11 കോടി രൂപ മുഴുവനും തന്നെ ജൂൺ വരെയുള്ള കുടിശ്ശിക കൊടുക്കുന്നതിന് ലഭ്യമാക്കിയിരിക്കുകയാണ്. അത് വിതരണം ചെയ്യുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായതുകൊണ്ടാണ്. ഇനിയങ്ങോട്ടുള്ള കുടിശ്ശിക അത്രയും വിതരണം ചെയ്തുകഴിഞ്ഞാൽ പണം ഉണ്ടാകില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതിന് അഡീഷണലായിട്ട് ലഭ്യമാക്കിയെങ്കിൽമാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ എന്ന്.

ശ്രീ. സി.ടി. കൃഷ്ണൻ: ഒരു വർഷമായി കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ കിട്ടുന്നില്ലായെന്നുള്ളതാണ് വാസ്തവം. 1980-ലാണ് കർഷകത്തൊഴിലാളി പെൻഷൻ 45 രൂപയായി നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. കേന്ദ്ര ഗവൺമെൻറ് ജീവനക്കാരുടേയും സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടേയും പെൻഷനെല്ലാം വർദ്ധിപ്പിച്ചു. അതുപോലെ കർഷകത്തൊഴിലാളികളുടെ വയസ്സ് അറുപതായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനജീവനക്കാർക്ക് 55 വയസ്സാണ് റിട്ടയർമെൻറ് കാലാവധി. അതുകൊണ്ട് വയസ്സിൻെറ പരിധി ഇളവു ചെയ്യുന്നതിനും സംഖ്യ വർദ്ധിപ്പിക്കുന്നതിനും കൃത്യസമയത്ത് കുടിശ്ശിക യില്ലാതെതന്നെ പെൻഷൻ കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ചെറിയ കുടിശ്ശികകൾ വന്നിട്ടുള്ളത് ശരിയാണ്. അങ്ങനെ വരാനുള്ള കാരണവും ഞാൻ പറഞ്ഞു. നമ്മളെല്ലാവരുംകൂടി പാസ്സാക്കിയെടുത്ത ബഡ്ജറ്റിൽ കഴിഞ്ഞ വർഷത്തിൽ ഒരു പർട്ടിക്കുലർ സ്റ്റേറ്റ് വന്നപ്പോൾ പണമില്ലാതായി. പിന്നീട് നമ്മൾ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മൂന്നിലൊന്നേ അപ്രോപ്രിയേറ്റ് ചെയ്യാൻ കഴിഞ്ഞുള്ളൂ. ബാക്കിയുള്ളത് മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളുൾപ്പെടെ ഇപ്പോൾ പരിഗണനയിലില്ല.

ഖാദി ഗ്രാമവ്യവസായ രംഗത്ത് ജോലിചെയ്യുന്നവർക്ക് മിനിമംകൂലി

* 54 [95] ശ്രീ. എ.വി. താമരാക്ഷൻ:
,, എ.സി. ഷൺമുഖദാസ്:
,, സിറിയക് ജോൺ:
,, കെ. കൃഷ്ണൻകുട്ടി:
,, വി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ രംഗത്ത് ജോലിചെയ്യുന്ന നൂല്പുകാർ, നെയ്ത്തുകാർ തുടങ്ങിയവർക്ക് മിനിമം കൂലി നിജപ്പെടുത്തുന്നതിനുവേണ്ടി മിനിമം വേജ്ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾ നിജപ്പെടുത്തിക്കൊണ്ട് ഗവൺമെൻറ് വല്ല ഉത്തരവും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഖാദി ഗ്രാമവ്യവസായങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്ന വേതനവും കേരളത്തിൽ ലഭിക്കുന്ന വേതനവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ, ബി, സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly